നം. CEE/5500/2017/KEAM_2018/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2018 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കണം

2018 ലെ കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിന് ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് KEAM 2018 പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b) പ്രകാരം സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയ്ക്കു വിധേയമാക്കിയശേഷമാണ് 2018 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **01.06.2018 മുതൽ 08.06.2018 ന് വൈകുന്നേരം 5 മണി** വരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. <u>മേൽ പറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2018-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.</u>

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള <u>**KEAM 2018-Candidate Portal**</u> എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Submission for Engineering'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് സമർപ്പിക്കാവുന്നതാണ്. യോഗ്യതാ പരീക്ഷ പാസ്സായ **ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ** എന്നിവ രേഖപ്പെടുത്തുമ്പോൾ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വെബ് പേജിൽ ദൃശ്യമാകുന്നതാണ്. ഇപ്രകാരം വെബ് പേജിൽ തന്നെ മാർക്ക് വിവരം ലഭ്യമാകുന്ന വിദ്യാർത്ഥികൾ മാർക്കുകൾ വീണ്ടും രേഖപ്പെടുത്തേണ്ടതില്ല. എന്നാൽ വെബ് പേജിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റുമായി താരതമ്യം ചെയ്ത് ശരിയാണോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ **'Finalise Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് മാർക്ക് സമർപ്പിക്കേണ്ടതാണ്.

വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റിലുള്ളതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ **'Change'** ബട്ടൺ ക്ലിക്ക് ചെയ്ത് ശരിയായ മാർക്ക് സമർപ്പിച്ചശേഷം **'Finalise Mark Data'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. മാർക്കിനെ സംബന്ധിച്ചുള്ള

വിവരങ്ങൾ ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ്, പാസ്സായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ ദൃശ്യമാകുന്ന പേജിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'Finalise Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. ഇപ്രകാരം വെബ് പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടിവന്ന വിദ്യാർത്ഥികളും, ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടിവന്നവരും പ്ലസ് ടു മാർക്ക് ലിസ്റ്റ് **'Upload Plus Two Mark Sheet'** എന്ന ലിങ്ക് വഴി **2018 ജൂൺ 8 വൈകുന്നേരം 5 മണിക്ക്** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകമില്ലാത്തതുമായിരിക്കണം.

കുറിപ്പ്: വെബ് പേജിൽ നിശ്ചിത വിഷയങ്ങൾക്ക് കാണിച്ചിട്ടുള്ള മാർക്കും മാർക്ക് ലിസ്റ്റിലെ യഥാർത്ഥ മാർക്കുകളും തമ്മിൽ വ്യത്യാസം ഇല്ലാത്ത വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതില്ല.

**മാർക്ക് സബ്മിഷൻ കൺഫർമേഷൻ റിപ്പോർട്ട്**

യോഗ്യതാ പരീക്ഷയിലെ മാർക്കുകൾ വിജയകരമായി സമർപ്പിച്ചതിനുശേഷം **'Mark Submission Confirmation Report'** ന്റെ പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥികൾ സൂക്ഷിക്കേണ്ടതാണ്. വെബ് പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടിവന്ന വിദ്യാർത്ഥികളും, ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടിവന്നവരും പ്ലസ് ടു മാർക്ക് ലിസ്റ്റ് **'Upload Plus Two Mark Sheet'** എന്ന ലിങ്ക് വഴി അപ്‌ലോഡ് ചെയ്താൽ മാത്രമേ **'Mark Submission Confirmation Report'** ന്റെ പ്രിന്റൗട്ട് ലഭ്യമാകുകയുള്ളൂ. **'Mark Submission Confirmation Report'** അപ്‌ലോഡ് ചെയ്യാനോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കാനോ പാടില്ല.

ഈ കാലയളവിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി കേരളത്തിലുടനീളം ഫെസിലിറ്റേഷൻ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
31.05.2018